**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **15-03-2022 - ൽ മറുപടിയ്ക്ക്**

**യുജിസി റഗുലേഷൻ ആന്റ് പേറിവിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ യു.ജി.സി. റഗുലേഷൻ ആന്റ് പേറിവിഷൻ സംസ്ഥാനത്ത് പൂർണമായി നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത വിജ്ഞാപനത്തിലെ 15-ാം ക്ലോസിൽ ആഴ്ചയിൽ അസിസ്റ്റന്റ് പ്രൊഫസർക്ക് 16 മണിക്കൂറും അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവർക്ക് 14 മണിക്കൂറും ഡയറക്ട് ടീച്ചിങ് മണിക്കൂറായി യു.ജി.സി. നിർബന്ധമാക്കിയിരിക്കുന്നത് സംസ്ഥാനം നടപ്പാക്കാത്തതിന്റെ കാരണമെന്താണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭൗതിക സാഹചര്യങ്ങൾക്ക് അനുസരിച്ച് നടപ്പിലാക്കാവുന്ന യു .ജി .സി വ്യവസ്ഥകൾ എല്ലാം തന്നെ നിലവിലുള്ള സ്പെഷ്യൽ റൂൾ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കിയിട്ടുണ്ട്. 2018 ലെ യു ജി സി വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള വകുപ്പിന്റെ സ്പെഷ്യൽ റൂൾ സർക്കാർ പരിഗണനയിലാണ്. അസിസ്റ്റന്റ് പ്രൊഫസർ തസ്തിക 16 മണിക്കൂർ നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിജ്ഞാപനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ആഴ്ചയിൽ 16 മണിക്കൂർ നിർബന്ധമായും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മണിക്കൂർ തികയാത്ത സിംഗിൾ ഫാക്കൽറ്റി വിഷയത്തിൽ എങ്ങനെ നിയമനം നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | ഉണ്ട് , സർക്കാർ കോളേജുകളിൽ സിംഗിൽ ഫാക്കൽറ്റി തസ്തികകൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ 01.04.2020 ലെ സഉ(കൈ) 155/2020 ഉവിവ നമ്പർ ഉത്തരവ് പ്രകാരം റഗുലർ നിയമനം നടത്തുന്നതിനു ആഴ്ചയിൽ 16 മണിക്കൂർ ആവശ്യമാണ്. 16 മണിക്കൂറിൽ താഴെ ജോലിഭാരം നിശ്ചയിച്ചിട്ടുള്ള വിഷയങ്ങളിൽ അഥിതി അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. |
| (സി) | പി.ജി. അദ്ധ്യാപകർക്ക് നൽകിവന്നിരുന്ന വെയിറ്റേജ് എടുത്ത് കളഞ്ഞത് യു.ജി.സി.യുടെ നിർദേശപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ; മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ പി.ജി., യു.ജി. കോഴ്സുകൾ ഒരേ കോളേജുകളിൽ ഒന്നിച്ച് നടത്തുന്ന സാഹചര്യമുള്ളതിനാൽ പ്രസ്തുത വെയിറ്റേജ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പിജി അദ്ധ്യാപകർപ്പ് നൽകിവരുന്ന വെയ്റ്റേജ് എടുത്തുകളഞ്ഞത് യുജിസിയുടെ മാർഗനിർദ്ദേശങ്ങൾ പ്രകാരമല്ല, വെയ്റ്റേജ് പുനസ്ഥാപിക്കുന്ന കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല. |
| (ഡി) | പ്രസ്തുത റഗുലേഷൻ ആന്റ് പേറിവിഷൻ വിജ്ഞാപന പ്രകാരം പുതിയ അദ്ധ്യാപക തസ്തികകളുടെ അംഗീകാരത്തിനും നിലവിലുള്ളവരുടെ ശമ്പള | (ഡി) | സമയക്രമം നിശ്ചയിച്ച് അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നത് പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | പരിഷ്കരണത്തിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ ലഭിച്ചിരിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിനായി സമയക്രമം നിശ്ചയിക്കാമോ? | | |

സെക്ഷൻ ഓഫീസർ